# COCHIN DEVASWOM BOARD
**Round North, Thrissur – 680 001**
PH: 2331124, 2327028
E-mail. admin @cochindevaswomboard.org


No. M5.5772/10 Dated: 11/07/2023

## കൊച്ചിൻ ദേവസ്വം ബോർഡ്
## ലേലം/ടെണ്ടർ പരസ്യം

കൊച്ചിൻ ദേവസ്വം ബോർഡിന്റെ ഉടമസ്ഥതയിലുള്ള 2008 മോഡൽ KL 08 AP 3466 നമ്പർ മഹീന്ദ്ര ബൊലേറോ ജീപ്പ് ലേലം/ടെണ്ടർ വഴി നിലവിലുള്ള കണ്ടീഷനിൽ വിൽപന നടത്തുന്നതിന് നിശ്ചയിച്ചിരിക്കുന്നു. ആയതിലേക്ക് മൽസരാടിസ്ഥാന ത്തിലുള്ള ടെണ്ടറുകൾ ക്ഷണിക്കുന്നു. സീൽ ചെയ്ത ടെണ്ടറിനോടൊപ്പം നിരതദ്രവ്യമായി കൊച്ചിൻ ദേവസ്വം ബോർഡ് സെക്രട്ടറിയുടെ പേരിൽ തൃശ്ശൂരിൽ മാറാവുന്ന 10,000/-ക യുടെ DD സമർപ്പിക്കേണ്ടതാണ്. നിരതദ്രവ്യം ഉള്ളടക്കം ചെയ്യാത്ത ടെണ്ടറുകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല. ടെണ്ടറുകൾ 24/07/2023 ന് 3 പി.എം വരെ തൃശ്ശൂർ റൗണ്ട് നോർത്തിലുള്ള കൊച്ചിൻ ദേവസ്വം ബോർഡ് ഓഫീസിൽ സമർപ്പിക്കാവുന്നതാണ്. അന്നേദിവസം 3 പി.എം ന് പരസ്യമായി ലേലം നടത്തുന്നതുമാണ്. ലേലത്തിൽ പങ്കെടുക്കുവാൻ നിരതദ്രവ്യമായി 10,000/-ക പണമായോ, കൊച്ചിൻ ദേവസ്വം ബോർഡ് സെക്രട്ടറിയുടെ പേരിൽ തൃശ്ശൂരിൽ മാറാവുന്ന DD ആയോ സമർപ്പിക്കേണ്ടതാണ്. നിരതദ്രവ്യം അടയ്ക്കാതെ ആരെയും ലേലത്തിൽ പങ്കെടുപ്പിക്കുന്നതല്ല ഏറ്റവും കൂടുതൽ സംഖ്യക്ക് ലേലം വിളിക്കുന്ന ആളുടെ പേരിൽ ലേലം മൂന്ന് വാക്ക് വിളിച്ച് നിർത്തിയ ശേഷം ടെണ്ടർ ബോക്സ് തുറന്ന് പരിശോധിക്കുന്നതാണ്. ടെണ്ടറിലോ, ലേലത്തിലോ ഏതാണ് കൂടുതൽ സംഖ്യ എങ്കിൽ ആ ആളുടെ പേരിൽ ലേലം/ടെണ്ടർ സ്ഥിരപ്പെടുത്തി നൽകുന്നതാണ്. ടെണ്ടർ കൊണ്ട വ്യക്തി മുഴുവൻ സംഖ്യയും ടെണ്ടർ/ലേലം സ്ഥിരപ്പെടുത്തി ഉത്തരവ് നൽകുന്ന മുറക്ക് 5 ദിവസത്തിനുള്ളിൽ കൊച്ചിൻ ദേവസ്വം

ബോർഡിൽ മുഴുവൻ സംഖ്യയും അടച്ച് രശീതി കൈപ്പറ്റേണ്ടതാണ്. ടെണ്ടർ കൊണ്ട വാഹനത്തിന്റെ രജിസ്ട്രേഷൻ പുതിയ ഉടമയുടെ പേരിലേക്ക് മാറ്റി 7 ദിവസത്തിനകം രേഖ കൊച്ചിൻ ദേവസ്വം ബോർഡ് ഓഫീസിൽ സമർപ്പിക്കേണ്ടതും വാഹനം ഏറ്റുവാങ്ങേണ്ടതുമാണ്. ടെണ്ടർ സംഖ്യയോടൊപ്പം നിയമാനുസൃത ജി.എസ്.ടി കൂടി ചേർത്ത് അടക്കേണ്ടതാണ്. ടെണ്ടർ/ലേലം ദേവസ്വത്തിന് ഗുണകരമല്ലെന്ന് കണ്ടാൽ നിർത്തിവയ്ക്കുന്നതിനോ, മാറ്റിവക്കുന്നതിനോ, മറ്റുയുക്തമായ നടപടി സ്വീകരിക്കുന്നതിനോ താഴെ ഒപ്പ് വയ്ക്കുന്ന ഉദ്യോഗസ്ഥന്/ഉദ്യോഗസ്ഥയ്ക്ക് പരിപൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതാണ്.

സെക്രട്ടറി
കൊച്ചിൻ ദേവസ്വം ബോർഡ്
തൃശ്ശൂർ